ഉത്തരം

(എ) ക്ഷേത്ര കലകളായ ചാക്യാർ കൂത്ത്, കൂടിയാട്ടം, ഓട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ എന്നീ വിഷയങ്ങൾ സർക്കാർ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനമായ കലാമണ്ഡലത്തിൽ പഠിപ്പിക്കുന്നുണ്ട്. മറ്റൊരു ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള ഫോക് ലോർ അക്കാദമി, തെയ്യം അഭ്യസിക്കുന്ന കുട്ടികൾക്ക് പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നതു കൂടാതെ കുറത്തിയാട്ടം കലാകാരന്മാരെ ആദരിക്കൽ അവർക്ക് പെൻഷൻ, സ്റ്റൈപ്പന്റ്, രോഗ ചികിൽസാ സഹായം എന്നീ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുന്നു.

(ബി) നാടൻ കലകൾ സംരക്ഷിക്കപ്പെടുന്നത് നമ്മുടെ കാവുകളിലും ക്ഷേത്രങ്ങളിലും തന്നെയാണ്. എന്നാൽ ആയിരക്കണക്കിന് കാവുകളും ക്ഷേത്രങ്ങളും ഉള്ള നമ്മുടെ സംസ്ഥാനത്ത് ഓരോന്നിനും പ്രത്യേക ധനസഹായം നൽകുക പ്രായോഗികമല്ല.

13 (451) അവശകലാകാര പെൻഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിൽ കൊയിലാണ്ടി താലൂക്കിലെ പ്രശസ്ത തായംപക വിദഗ്ദ്ധൻ കൊണ്ടംവള്ളി കുഞ്ഞുക്കൃഷ്ണമാരാർ കലാകാരൻമാർക്കുള്ള പെൻഷന് അർഹനാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹം പെൻഷനുവേണ്ടി നൽകിയ ഹർജി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തായമ്പക വിദഗ്ദ്ധന് കലാകാരൻമാർക്കുള്ള പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കലാകാര പെൻഷന് ലഭിച്ച അപേക്ഷകളിൽ ശ്രീ. കൊണ്ടം വള്ളി കുഞ്ഞുക്കൃഷ്ണ മാരാരുടെ അപേക്ഷയും ലഭിച്ചിരുന്നു. ഈ അപേക്ഷകളിൽനിന്നും കൂടുതൽ അർഹരായ 234 പേരെ പുതുതായി കലാകാര പെൻഷന് തെരഞ്ഞെടുത്തു. കലാകാരപെൻഷൻ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സർക്കാർ പത്രവാരാ അപേക്ഷ ക്ഷണിക്കുമ്പോൾ ശ്രീ. കുഞ്ഞുക്കൃഷ്ണമാരാർക്ക് ഇനിയും അപേക്ഷിക്കാവുന്നതാണ്.

14 (453) അവശ കലാകാരൻമാർക്കുള്ള പെൻഷൻ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരൻമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) മാസങ്ങളായി അവർക്ക് അർഹതപ്പെട്ട പെൻഷൻ ലഭിക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാർദ്ധക്യവും ദാരിദ്ര്യവുംമൂലം കഷ്ടപ്പെടുന്ന ഇവരുടെ തുച്ഛമായ പെൻഷൻ നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) പെൻഷൻകാരുടെ മരണശേഷം അവകാശിക്ക് പെൻഷൻ നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) നിത്യവൃത്തിക്ക് വകയില്ലാത്ത കലാകാരൻമാർക്ക് അവരുടെ കുടിശ്ശികയായ പെൻഷൻ എത്രയും പെട്ടെന്ന് നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇവരുടെ പ്രതിമാസ പെൻഷൻ നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പെൻഷൻ നൽകാൻ വൈകിയത്. നവംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിലെ കുടിശ്ശിക പെൻഷൻ നൽകാൻ ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു.

(ഡി) സംസ്ഥാന കലാകാര പെൻഷൻ നിയമങ്ങളിൽ അവകാശിക്ക് പെൻഷൻ നൽകുന്നതിന് വ്യവസ്ഥയില്ല.

(ഇ) കുടിശ്ശിക പെൻഷൻ നൽകാനുള്ള ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞു.

(എഫ്) പരിഗണനയിലില്ല.

15 (454) അവശ കലാകാരൻമാർക്ക് പെൻഷൻ

ശ്രീ. എ കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചു നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്;

(ബി) ഏതെല്ലാം പരമ്പരാഗത കലാരൂപങ്ങളുമായി ബന്ധപ്പെട്ട കലാകാരൻമാർക്കാണ് ഇതനുസരിച്ച് പെൻഷൻ നൽകുന്നത്;

(സി) ഇത്തരത്തിൽ എത്ര പേർക്കാണ് സംസ്ഥാനത്ത് പെൻഷൻ ലഭിക്കുന്നത്;

(ഡി) ആദിവാസി-ഗിരിവർഗ്ഗ മേഖലകളിലെ ഏതെല്ലാം കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരൻമാർക്കാണ് പെൻഷൻ നൽകിവരുന്നത്;

(ഇ) ആദിവാസി മേഖലകളിലെ എത്ര അവശകലാകാരൻമാർക്ക് ഇത്തരത്തിൽ പെൻഷൻ ലഭിക്കുന്നുണ്ട്?

ഉത്തരം

(എ&ബി) നിയമാവലി അനുബന്ധമായി ചേർക്കുന്നു.†

(സി) മൊത്തം 1500 പേർക്കാണ് കലാകാര പെൻഷൻ നൽകിവരുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly